# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3553. — 15/03/2018 ൽ മറുപടിക്ക്

### ചെറുകിട വ്യവസായികൾക്ക് സഹായ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.രാജഗോപാലൻ | ശ്രീ. എ.സി.മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ കേരളത്തിൽ എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ; | (എ) | 01.05.2016 മുതൽ 31.01.2018 വരെ 27143 യൂണിറ്റുകൾ ഉദ്യോഗ് ആധാർ എന്ന കേന്ദ്ര സർക്കാർ വെബ്സൈറ്റ് മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ചെറുകിട വ്യവസായികൾക്ക് ഈ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് എന്തൊക്കെ പുതിയ സഹായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബ) | ഒരു വ്യവസായം യാഥാർത്ഥ്യമാക്കുന്നതിനു വ്യവസായ സ്ഥാപനങ്ങൾക്കുള്ള നിയമപരമായ അനുമതികൾ എളുപ്പത്തിൽ ലഭിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നിലവിലെ ആക്ടുകളിൽ ഭേദഗതി വരുത്തി " ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ബിൽ" സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയിലാണ്<br>• കേരള പഞ്ചായത്ത് ആക്ട് 1994<br>• കേരള മുനിസിപ്പാലിറ്റി ആക്ട് 1994<br>• കേരള ലിഫ്റ്റ് ആൻഡ് എസ്കലേറ്റേർസ് ആക്ട് 2013<br>• കേരള ഗ്രൗണ്ട് വാട്ടർ ആക്ട് 2002<br>• കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് 1978<br>• കേരള ഷോപ് സ് ആൻഡ് കൊമേർഷ്യൽ എസ്റ്റാബ്ലിഷ് മെന്റ് |

| | | |
|---|---|---|
| | | ആക്ട് 1960<br>• കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999<br>**വ്യവസായ ജാലകം പദ്ധതി**<br>എം.എസ്.എം.ഇ മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ ജാലകം എന്ന പദ്ധതി വഴി നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെയും വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ റ്റാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകർക്ക ലഭ്യമാകുന്നു.<br>**സംരംഭകത്വ സഹായ പദ്ധതി**<br>പൊതുവിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു, പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.<br>2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിരമൂലധനനിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.<br>3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകി വരുന്നു. |

4. കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരാമാവധി 10 ലക്ഷം അധിക സഹായം ലഭിക്കും.

**നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി**

5 ലക്ഷം രൂപ വരെ സ്ഥിരം മൂലധനം നിക്ഷേപം ഉള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണനിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം 'വൈറ്റ്' വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗങ്ങളിൽപ്പെട്ടതും, വീട്ടിലുള്ളതോ, വീടിനോട്ട ചേർന്നോ നടത്തുന്ന നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ, പട്ടികജാതി/ വർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം ഇതേ രീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

**ഇ.ഡി.ക്ലബ്ബ്**

യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി.ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു.

**ഇൻകുബേഷൻ സെൻററുകൾ**

പുതിയ വ്യവസായ ആശയവുമായി മുന്നോട്ട് വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോട് കൂടിയാണ് ബിസിനസ്സ് ഇൻകുബേഷൻ സെൻററുകൾ പ്രവർത്തിക്കുന്നത്.

**ക്ലസ്റ്റർ ഡെവലപ്പ്മെൻറ് പ്രോഗ്രാം**

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായമാം വിധത്തിൽ കോമൺ ഫെസിലിറ്റി സെൻറർ സ്ഥാപിക്കുക എന്ന മുഖ്യ ലക്ഷ്യത്തോടുകൂടി എം.എസ്.ഇ-സി.ഡി.പി പദ്ധതി നടപ്പിലാക്കിവരുന്നു.

**ആഷ സ്കീം**

കരകൗശല മേഖലയിൽ ആരംഭിച്ച ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് അസിസ്റ്റൻറ് സ്കീം ഫോർ ഹാൻറിക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ആഷ) പദ്ധതി പ്രകാരം ധനസഹായം നൽകുന്നു.

**ഹാൻറിക്രാഫ്റ്റ്സ് അവാർഡ്**

കരകൗശല മേഖലയിൽ നല്ലനിലയിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ മികച്ച സംരംഭങ്ങളുടെ ഉടമകളായ കരകൗശല വിദഗ്ധർക്ക് ഹാൻറി ക്രാഫ്റ്റ്സ് അവാർഡ് 2016 മുതൽ നൽകി വരുന്നു.

## വാർദ്ധക്യകാല പെൻഷൻ

കരകൗശല മേഖലയിൽ പ്രവർത്തിച്ചു വരുന്ന 60 വയസ്സിനു മുകളിൽ പ്രായമുള്ള സംരംഭകർക്ക് പ്രതിമാസം 1000/- രൂപ നിരക്കിൽ Old age Pension to the Handicrafts Master Craftsman എന്ന പദ്ധതി പ്രകാരം ആനുകൂല്യം നൽകി വരുന്നു.

## പശ്ചാത്തല വികസന പദ്ധതികൾ

വ്യവസായ വാണിജ്യ ഡയറക്ടറുടെ അധീനതയിലുള്ള വ്യവസായ മേഖലകളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിച്ചു വരുന്നു.

## ഇൻഡസ്ട്രി വാഴ്സിറ്റി ലിങ്കേജ് പദ്ധതി

ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് അവരുടെ ഉൽപ്പന്ന വികസനത്തിനും ഉല്പാദനപ്രക്രിയയിൽ നൂതനമായ മാറ്റങ്ങൾ വരുത്തുന്നതിനും സഹായിക്കുന്ന രീതിയിൽ സർവ്വകലാശാലകൾ, ഗവേഷണസ്ഥാപനങ്ങൾ, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനൾ എന്നിവയുമായി ചേർന്ന് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ബന്ധപ്പെട്ട ചെറുകിട വ്യവസായ സ്ഥാപനങ്ങൾ അവരുടെ ആവശ്യകത മേൽപ്പറഞ്ഞ സ്ഥാപനങ്ങളെ അറിയിച്ച് അവരുടെ സഹായത്തോടെ തയ്യാറാക്കുന്ന ഗവേഷണ പ്രോജക്ടുകൾ നടപ്പിലാക്കുവാൻ വേണ്ട സാമ്പത്തിക സഹായം നൽകുവാൻ ലക്ഷ്യമിടുന്ന ഈ പദ്ധതി സർക്കാർ പരിഗണനയിലാണ്.

**മറ്റ പദ്ധതികൾ**

ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, ടെക്നോളജി മാനേജ്മെൻറ് ഡവലപ്മെൻറ് പ്രോഗ്രാം, ബോധവത്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, [illegible] ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ